(24) പച്ചക്കറി, പഴവർഗ്ഗങ്ങളിൽ അടങ്ങിയിരിക്കുന്ന വിഷാംശം

ശ്രീ. തോമസ് ഉണ്ണിയാടൻ: സർ, ഒരു കാലഘട്ടത്തിലുമുണ്ടാകാത്ത നിലയിൽ മാർക്കറ്റിൽ വിൽക്കുന്ന പഴങ്ങളിലും പച്ചക്കറികളിലും മാരകമായ വിഷാംശം കലർന്നിരിക്കുകയാണ്. അത് മനുഷ്യജീവന് ഏറെ ഹാനികരമാണെന്ന് നമുക്കറിയാം. ആധുനിക സംവിധാനങ്ങൾ പല രാജ്യങ്ങളിലും വിഷാംശം കണ്ടുപിടിക്കുന്ന കാര്യത്തിൽ അവലംബിച്ചിട്ടുണ്ട്. വില്പനക്ക് മുമ്പ് ഈ വിഷാംശം കണ്ടുപിടിക്കുന്നതിനാവശ്യമായിട്ടുള്ള പദ്ധതി, ഈ കാലഘട്ടത്തിനനുസരിച്ച് മാറ്റങ്ങളുണ്ടായിട്ടുണ്ട്, പല സ്ഥലത്തും ഇപ്പോൾ നിലനിൽക്കുന്നുവെന്ന് മനസ്സിലാക്കാൻ കഴിയുന്ന ആ സംവിധാനം സംസ്ഥാനത്ത് ഏർപ്പെടുത്താനുള്ള നടപടികൾ സ്വീകരിക്കുമോ?

ആരോഗ്യ വകുപ്പുമന്ത്രി (ശ്രീ. പി. ശങ്കരൻ): സർ, നിലവിലുള്ള നിയമമനുസരിച്ച് ഭക്ഷ്യ സാധനങ്ങളിൽ മായം ചേർക്കുന്നവർക്കെതിരെ വളരെ കർശനമായ ശിക്ഷാ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്. മൂന്നു മാസം മുതൽ ജീവപര്യന്തം വരെ തടവും 1000 രൂപ മുതൽ 10,000 രൂപ വരെ പിഴയും ഈ നിയമപ്രകാരം ശിക്ഷയായി നിശ്ചയിച്ചിട്ടുള്ളതാണ്. 1954-ലെ കേന്ദ്ര ഭക്ഷ്യ മായം ചേർക്കൽ നിരോധന നിയമം കേരളത്തിലും കാര്യക്ഷമമായി നടപ്പിലാക്കിവരുന്നുണ്ട്. സംസ്ഥാനത്തൊട്ടാകെ ശേഖരിച്ചു പരിശോധിച്ച പച്ചക്കറി, പഴവർഗ്ഗങ്ങളുടെ 35 നിയമാനുസൃത സാമ്പിളുകളിൽ ആരോഗ്യത്തിന് ഹാനികരമായ ഘടകങ്ങളടങ്ങിയ മൂന്ന് സാമ്പിളുകൾ കണ്ടെത്തുകയുണ്ടായി. കുറ്റക്കാർക്കെതിരെ നിയമ നടപടികൾ സ്വീകരിച്ചുവരികയാണ്. ആധുനിക മാർഗ്ഗങ്ങൾ അവലംബിച്ചുക്കൊണ്ടുള്ള രീതി സ്വീകരിക്കുന്ന കാര്യം ഗവൺമെന്റ് പരിശോധിക്കുന്നതാണ്.

(25) പരവൂർ, ആദിച്ചനല്ലൂർ, കണ്ണനല്ലൂർ 33 കെ. വി. പവർ സ്റ്റേഷനുകളുടെയും കൊട്ടിയത്തുനിന്നും മാലക്കായൽ വഴി പരവൂരേയ്ക്കുള്ള 11 കെ. വി. ലൈനിന്റെയും നിർമ്മാണം

ശ്രീ. ജി. പ്രതാപവർമ്മ തമ്പാൻ: സർ, ആർ. ഇ. സി.-യുടേയും എ.ഡി.ബി.-യുടേയുമൊക്കെ സഹായത്തോടുകൂടി എന്റെ മണ്ഡലത്തിലെ ചാത്തന്നൂർ ഇലക്ട്രിക് ഡിവിഷന്റെ കീഴിൽ രണ്ടുമൂന്ന് വർഷങ്ങൾക്കുമുമ്പ് അനുവദിക്കപ്പെട്ട പരവൂർ, ആദിച്ചനല്ലൂർ, കണ്ണനല്ലൂർ എന്നീ 33 കെ. വി. പവർ സ്റ്റേഷനുകളുടെ നിർമ്മാണത്തിൽ നാളിതുവരെയായി യാതൊരു പുരോഗതിയുമില്ല. അതുപോലെതന്നെ കൊട്ടിയം 110 കെ.വി. പവർ സ്റ്റേഷനിൽ നിന്നും മാലക്കായൽ വഴി പരവൂരിലേക്കുള്ള 11 കെ. വി. ലൈൻ ടെണ്ടർ കഴിഞ്ഞിട്ടും യാതൊരു നിർമ്മാണവും ഇതുവരെ ആരംഭിച്ചിട്ടില്ല. അടിയന്തിരമായി ഈ കാര്യങ്ങളെല്ലാം പൂർത്തീകരിച്ച് എന്റെ മണ്ഡലത്തിലെ വൈദ്യുതി ക്ഷാമം പരിഹരിക്കാനാവശ്യമായ നടപടി സ്വീകരിക്കണമെന്ന് ആവശ്യപ്പെടുന്നു.

വിദ്യുച്ഛക്തി വകുപ്പുമന്ത്രി (ശ്രീ. കടവൂർ ശിവദാസൻ): സർ, ചാത്തന്നൂർ ഇലക്ട്രിക്കൽ ഡിവിഷന്റെ കീഴിൽ പരവൂർ, ആദിച്ചനല്ലൂർ, കണ്ണനല്ലൂർ എന്നിവിടങ്ങളിൽ 33 കെ. വി. സബ്സ്റ്റേഷൻ നിർമ്മിക്കുന്നതിന് അനുമതിയായിട്ടുണ്ട്. കൊട്ടിയം

LIBRARY ARCHIVES Kerala Legislative Assembly